"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.മുഹമ്മദ് റഫീക്ക് അലി എം, ശ്രീ. അബൂബക്കർ എം എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 740/2024 നമ്പർ കേസിലെ 04.07.2024 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.203/2025/LSGD തീയതി,തിരുവനന്തപുരം, 20-01-2025

---

പരാമർശം:-

1. 25.04.2015 തീയതിയിലെ സ.ഉ(സാധാ) നം.1240/2015/തസ്വഭവ
2. 26.09.2019 തീയതിയിലെ സ.ഉ(സാധാ) നം.2089/2019/തസ്വഭവ
3. ശ്രീ.മുഹമ്മദ് റഫീക്ക് അലി എം, ശ്രീ. അബൂബക്കർ എം എന്നിവർ സമർപ്പിച്ച 17.05.2024 തീയതിയിലെ അപേക്ഷ (അനക്ഷർ എ21 )
4. ശ്രീ.മുഹമ്മദ് റഫീക്ക് അലി എം, ശ്രീ. അബൂബക്കർ എം എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 740/2024 നമ്പർ കേസിലെ 04.07.2024 തീയതിയിലെ ഉത്തരവ്.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.09.2024 തീയതിയിലെ LSGD/PD/22486/2024-LL2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പഞ്ചായത്തുകൾ നഗരസഭകളായി പരിവർത്തനപ്പെടുത്തിയതിന്റെയും നഗരസഭയുമായി കൂട്ടിച്ചേർത്തതിന്റേയും അടിസ്ഥാനത്തിൽ നഗരസഭകളിൽ തുടർന്ന് വന്നിരുന്ന സാനിറ്ററി ഇൻസ്പെക്ടർമാരെ അവരുടെ ഓപ്ഷന് വിധേയമായി മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് സ്വീകരിക്കുവാൻ പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൻപ്രകാരം നഗരസഭകളിൽ തുടർന്ന് വന്ന തിരൂരങ്ങാടി നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.മുഹമ്മദ് റഫീക്ക് അലി എം, മണ്ണാർക്കാട് നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അബൂബക്കർ എം എന്നിവർ സമർപ്പിച്ച പരാമർശം 3 അപേക്ഷപ്രകാരം, തങ്ങളുടെ പഞ്ചായത്ത് വകുപ്പിലെ യഥാർത്ഥ നിയമന തീയതി മുതലുള്ള സീനിയോറിറ്റി സംരക്ഷിച്ച് മുനിസിപ്പൽ കോമൺ സർവീസിൽ അബ്സോർബ് ചെയ്യുന്നതിന് ഉത്തരവാകണമെന്ന് അപേക്ഷിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ടിയാളുകൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള ഒ.എ(ഇകെഎം) 740/2024

നമ്പർ കേസിലെ 04.07.2024 തീയതിയിലെ ഉത്തരവ് പ്രകാരം ബഹു. ട്രിബ്യൂണലിന്റെ Annexues A16, A18 ഉത്തരവുകളിലെ നിർദ്ദേശങ്ങളുടേയും, പ്രസ്തുത ഉത്തരവുകളിലെ നിർദ്ദേശം നടപ്പിലാക്കിയ സർക്കാരിന്റെ Annexues A19, A20 ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ അപേക്ഷകരുടെ Annexure A21 നിവേദനം പരിഗണിച്ച്, കോടതി ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.മുഹമ്മദ് റഫീക്ക് അലി എം, ശ്രീ. അബൂബക്കർ എം എന്നിവർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ (Annexure A21) പ്രകാരം, ശ്രീ.എം.മുഹമ്മദ് റഫീക്ക് അലി 26.10.2006ൽ പഞ്ചായത്ത് വകുപ്പിൽ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിൽ സാനിട്ടറി ഇൻസ്പെക്ടറായി സേവനത്തിൽ പ്രവേശിച്ചതായും, ശ്രീ. അബൂബക്കർ എം 23.08.2006ൽ പഞ്ചായത്ത് വകുപ്പിൽ മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിൽ സാനിട്ടറി ഇൻസ്പെക്ടറായി സേവനത്തിൽ പ്രവേശിച്ചതായും, തുടർന്ന് 01.11.2015ൽ ടി പഞ്ചായത്തുകൾ നഗരസഭയായി ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ അബ്സോർബ് ചെയ്യുന്നതിന് ടിയാളുകൾ അപേക്ഷ സമർപ്പിച്ചിരുന്നതായും അതിൻപ്രകാരം 26.09.2019ലെ സർക്കാർ ഉത്തരവ് പ്രകാരം ഓപ്ഷന് വിധേയമായി മുനിസിപ്പൽ കോമൺ സർവ്വീസിൽ അബ്സോർബ് ചെയ്തതായും എന്നാൽ തങ്ങൾക്ക് പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റിയ്ക്ക് അനുസൃതമായി സീനിയോറിറ്റി സംരക്ഷിച്ച് നിയമനം നൽകിയിട്ടില്ലാത്തതാണെന്നും അറിയിച്ചിരിക്കുന്നു. പഞ്ചായത്ത് വകുപ്പിലെ സർവ്വീസും റാങ്കും സീനിയോറിറ്റിയും സംരക്ഷിച്ച് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ അബ്സോർബ് ചെയ്യണമെന്ന തങ്ങളുടെ അപേക്ഷ അനക്ഷർ എ15 ഉത്തരവ് പ്രകാരം നിരസിച്ചതായും എന്നാൽ സമാനമായ കേസിൽ മറ്റ് ചില ജീവനക്കാർക്ക് മുനിസിപ്പൽ കോമൺ സർവ്വീസിൽ അബ്സോർബ് ചെയ്ത് പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകിയിട്ടുള്ളതായും അറിയിക്കുന്നു. അതിനാൽ, തങ്ങൾക്കും പഞ്ചായത്ത് വകുപ്പിലെ യഥാർത്ഥ നിയമന തീയതി മുതൽ മുനിസിപ്പൽ കോമൺ സർവീസിൽ സീനിയോറിറ്റി ലഭിക്കാൻ അർഹതയുണ്ടെന്നതിനാൽ തങ്ങളുടെ അപേക്ഷ പരിഗണിച്ച് Annexure-A16, A18, A19, A20 ഓർഡറുകളുടെ വെളിച്ചത്തിൽ, Annexure-A15 ഉത്തരവ് പുനഃപരിശോധിച്ച് പഞ്ചായത്ത് വകുപ്പിലെ യഥാർത്ഥ നിയമന തീയതി മുതൽ തങ്ങളുടെ മുഴുവൻ സീനിയോറിറ്റിയും സംരക്ഷിച്ച് മുനിസിപ്പൽ കോമൺ സർവീസിൽ അബ്സോർബ് ചെയ്യുന്നതിന് ഉത്തരവാകണമെന്ന് അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 5 റിപ്പോർട്ട് പ്രകാരം, ശ്രീ.മുഹമ്മദ് റഫീക്ക് അലി എം, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിൽ സാനിറ്ററി ഇൻസെക്ടർ തസ്തികയിൽ 26.10.2005 തീയതിയിലും ശ്രീ. അബൂബക്കർ എം പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിൽ സാനിറ്ററി ഇൻസെക്ടർ തസ്തികയിൽ 23.08.2006 ലും സേവനത്തിൽ പ്രവേശിച്ചിരുന്നതായും, ശ്രീ.മുഹമ്മദ് റഫീക്ക് അലി എം, ശ്രീ.അബൂബക്കർ എന്നിവരെ പഞ്ചായത്ത് സർവ്വീസിലെ സേവനം കണക്കിലെടുത്ത് യഥാക്രമം 01.07.2012, 01.06.2019 തീയതി പ്രാബല്യത്തിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് പഞ്ചായത്ത് സർവ്വീസിലെ ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ്-1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നതായും അറിയിക്കുന്നു. അബ്സോർബ്ഷന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ലെന്ന വ്യവസ്ഥയിൽ ടിയാളുകളെ അബ്സോർബ് ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി 26.09.2019 ൽ സ.ഉ (സാധാ) നം.2089/2019/തസ്വഭവ

പ്രകാരം ഉത്തരവായിട്ടുണ്ടായിരുന്നു. എന്നാൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ മുൻകാല പ്രാബല്യമില്ലാതെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ അബ്സോർബ് ചെയ്യുന്നതിന് സമ്മതമാണെന്ന സാക്ഷ്യപത്രം ഹാജരാക്കുന്നതിന് നഗരകാര്യ ഡയറക്ടർ കത്ത് നൽകിയിരുന്നുവെങ്കിലും ടിയാളുകൾ അത്തരത്തിലൊരു സമ്മതപത്രം ഹാജരാക്കാത്തതിനാൽ ടിയാളുകളെ മുനിസിപ്പൽ കോമൺ സർവ്വീസിൽ അബ്സോർബ് ചെയ്തിട്ടില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരിക്കുന്നു. എന്നാൽ പരാതിക്കാർ ആവശ്യപ്പെട്ട ആനുകൂല്യങ്ങൾ അനുവദിച്ച് കൊണ്ട് ശ്രീജിത്ത് പി, രാജേഷ് കുമാർ എം.പി, ബിജോയ് ചന്ദ്രൻ എന്നിവരെ മുൻസിപ്പൽ സർവ്വീസിൽ അബ്സോർബ് ചെയ്തു എന്ന് ചൂണ്ടിക്കാണിച്ചാണ് അപേക്ഷകർ ഒ.എ 740/2024 നമ്പർ പുതിയ കേസ് ബഹു ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ളത് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിന്റേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട രേഖകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പഞ്ചായത്ത് വകുപ്പിലെ സർവ്വീസും റാങ്കും സീനിയോറിറ്റിയും സംരക്ഷിച്ച് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ അബ്സോർബ് ചെയ്യണമെന്ന ആവശ്യവുമായി സമാനവിഷയത്തിൽ ശ്രീ. ശ്രീജിത് പി, രാജേഷ് കുമാർ എം.പി, ശ്രീ. ബിജോയ് ചന്ദ്രൻ എന്നിവർ ബഹു ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തിരുന്നതും, ശ്രീ. ബിജോയ് ചന്ദ്രന്റെ സീനിയോറിറ്റി പരിഗണിക്കുന്നതിന് Annexure-A16 പ്രകാരവും ശ്രീ. രാജേഷ് കുമാർ എം.പി,യുടെ സീനിയോറിറ്റി പരിഗണിക്കുന്നതിന് Annexure-A18 പ്രകാരവും ബഹു. ട്രിബ്യൂണൽ ഉത്തരവായിരുന്നതുമാണ്. അതിൻപ്രകാരം ശ്രീ. ബിജോയ് ചന്ദ്രന്റെ പഞ്ചായത്ത് വകുപ്പിലെ സേവനം പരിഗണിച്ച് സീനിയോറിറ്റി പുനർനിർണ്ണയിച്ചുകൊണ്ട് Annexure-A19 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവായിട്ടുള്ളതും, ശ്രീ. രാജേഷ് കുമാർ എം.പി,യുടെ സീനിയോറിറ്റി പരിഗണിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് Annexure-A20 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്. കൂടാതെ ശ്രീ. ശ്രീജിത് പി എന്നയാൾക്കും സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകിയിട്ടുള്ളതാണ്. സമാനസാഹചര്യത്തിലുള്ള ജീവനക്കാർക്ക് ആനുകൂല്യം നൽകിയിട്ടുള്ളതിന്റെയടിസ്ഥാനത്തിൽ അപേക്ഷകരുടെ അപേക്ഷ പരിഗണിക്കുന്നതിനാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത് എന്ന് കാണുകയുണ്ടായി.

5. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, സമാനസാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിൽ നിന്ന് മുനിസിപ്പൽ കോമൺ സെർവീസിലേക്ക് ആഗിരണം ചെയ്യപ്പെട്ട ജീവനക്കാർക്ക് പഞ്ചായത്ത് സർവീസിലെ സീനിയോറിറ്റി അനുവദിക്കപ്പെട്ടിട്ടുള്ളതിനാൽ, ശ്രീ.എം അബൂബക്കർ, ശ്രീ മുഹമ്മദ് റഫീക്ക് അലി എന്നിവരുടെ അപേക്ഷ പരിഗണിച്ച്, പഞ്ചായത്ത് വകുപ്പിലെ അവരുടെ സീനിയോറിറ്റി സംരക്ഷിച്ച് മുനിസിപ്പൽ കോമൺ സർവീസിൽ അബ്സോർബ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അനക്ഷർ എ21 അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ(ഇകെഎം) 740/2024 നമ്പർ കേസിലെ 04.07.2024 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം
ശ്രീ മുഹമ്മദ് റഫീക്ക് അലി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, തിരൂരങ്ങാടി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.എം അബൂബക്കർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, മണ്ണാർക്കാട് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 20-01-2025 17:00:36
സെക്ഷൻ ഓഫീസർ